
**Athmaraksha.org**

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ഈ കന്യാസ്ത്രീയുടെ വാക്കുകൾ എത്ര കുടുംബങ്ങൾക്കാണ് ആശ്വാസമാകുന്നത്?




തീർത്തും യാദൃച്ഛികമായാണ് സിസ്റ്റർ ടെസി ആ പത്രവാർത്ത ശ്രദ്ധിച്ചത്. നാടിനെ കണ്ണീരിലാഴ്ത്തിയ ഒരു വാഹന ദുരന്തത്തെക്കുറിച്ചുള്ള വിവരണമായിരുന്നു അത്.

2003 മാർച്ച് 10.
അന്നത്തെ എല്ലാ പത്രങ്ങളുടെയും ഒന്നാം പേജിൽ ഈ വാർത്ത പ്രാധാന്യത്തോടെ അച്ചടിച്ചിരുന്നു. എറണാകുളത്തുനിന്നും വേളാങ്കണ്ണിയിലേക്ക് തീർത്ഥയാത്ര പോയ ഒരു കുടുംബമൊന്നാകെ അപകടത്തിൽ മരണമടഞ്ഞതായിരുന്നു സംഭവം. ആ അപകടത്തിൽ മരിച്ചവർ 17. ഡോൺ എന്ന ബാലന്റെ വീട്ടിലെ ഏഴുപേർ ഒരേസമയം മരണത്തിന്റെ പടി കയറി സ്വർഗത്തിലേക്ക് കൈപിടിച്ച് പോയി.

വാർത്ത കേട്ട് എറണാകുളത്തെ മരടിലെ പള്ളിപ്പറമ്പിലെ വീട്ടിലിരുന്ന് ഡോൺ ഹൃദയം നുറുങ്ങി. മറ്റൊരാളെ കെട്ടിപ്പിടിച്ച് കരയാൻ പോലും അവന് ആരും ഉണ്ടായിരുന്നില്ല. ഡോണിനെ വീടിന്റെ കാവലേൽപ്പിച്ച് അമ്മാമ്മ, അമ്മ, ചേട്ടൻ, ചേടത്തി, ചേട്ടന്റെ രണ്ടുമക്കൾ, അനുജൻ എന്നിവർ ഒരുമിച്ചാണ് തീർത്ഥാടനത്തിന് പോയത്. അവരുടെ മരണവാർത്ത കേട്ട് അവന് താങ്ങാനാകാത്ത ദുഃഖമാണ് വിതച്ചത്. ഈ സംഭവം നടക്കുന്നതിന് ഒരു വർഷം മുമ്പ് ഡോണിന്റെ പപ്പയും മരിച്ചിരുന്നു; അതും ഒരു വാഹനാപകടത്തിൽ. അങ്ങനെ ഡോൺ ജീവിതയാത്രയിൽ ഒറ്റയ്ക്കായി.

ഈ വാർത്ത കണ്ട് സിസ്റ്റർ ടെസിയുടെ കണ്ണുനിറഞ്ഞ് ഒഴുകാൻ തുടങ്ങി. ഒരിക്കലും കാണാത്ത ഡോൺ അവരുടെ മനസിൽ നിറഞ്ഞു. അവനുവേണ്ടി എനിക്കെന്തു ചെയ്യാൻ കഴിയും?. സിസ്റ്റർ സ്വയം ചോദിച്ചുകൊണ്ടിരുന്നു. ഏതോ ഒരു തീരുമാനമെടുത്തതുപോലെ ഒടുവിൽ ഒരു വെളുത്ത പേപ്പർ എടു ത്ത് അതിൽ വൃത്തിയായ കൈപ്പടയിൽ സിസ്റ്റർ ഇങ്ങനെ എഴുതി. 'ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു' (സങ്കീർത്തനങ്ങൾ 34:18). ഈ വരികളോടെ സിസ്റ്റർ തുടങ്ങി.

'എല്ലാം നഷ്ടപ്പെട്ടെന്നു കരുതി വിഷമിക്കാതെ കുഞ്ഞേ, ദൈവത്തിൽ നീ പ്രത്യാശവയ്ക്കുക.

പ്രിയപ്പെട്ട ഡോൺ, വേണ്ടപ്പെട്ടവരുടെ വേർപാടിൽ നീ ദുഃഖിതനാണ്. ശരിതന്നെ, ആ വേദനയിൽ ഞങ്ങളും പങ്കുചേരുന്നു. പിടിച്ച് നിൽക്കാൻ ദൈവം നിനക്ക് ശക്തി നൽകട്ടെ.' സിസ്റ്റർ പ്രാർത്ഥനയോടെ പിന്നെയും എഴുതിക്കൊണ്ടിരുന്നു. ഓരോ വരികളും ഹൃദയത്തിൽ നിന്ന് പുറപ്പെട്ട പ്രാർത്ഥനകളായിരുന്നു. എഴുതിക്കഴിഞ്ഞ് പല തവണ അത് വായിച്ചു. തിരുഹൃദയരൂപത്തിന് മുന്നിൽ ആ കത്തെടുത്തുവച്ച് മനമുരുകി പ്രാർത്ഥിച്ചു. കത്ത് ഡോണിന്റെ കൈയിൽ തന്നെ കിട്ടണമെന്നും അവന്റെ മനസിൽ അൽപമെങ്കിലും സാന്ത്വനത്തിന്റെ കുളിർമഴ പെയ്യണമെന്നും മാത്രമേ സിസ്റ്റർ കരുതിയുള്ളൂ. കത്തിലെ വിലാസം പത്രവാർത്തയിൽ നിന്ന് സ്വയം രൂപപ്പെടുത്തിയതായിരുന്നു. ഡോൺ പള്ളിപ്പറമ്പിൽ, മരട്, എറണാകുളം.

കത്ത് അയച്ചതിനുശേഷം സിസ്റ്റർ തന്റെ പ്രവർത്തനമണ്ഡലങ്ങളിലേക്ക് തിരിഞ്ഞു. എങ്കിലും ദുഃഖത്തിന്റെ പാനപാത്രം മട്ടോളം മോന്തിയ ഡോണിനെ ദിവ്യബലിയിലും പ്രാർത്ഥനകളിലും സിസ്റ്റർ ഓർക്കുന്നുണ്ടായിരുന്നു. ഏതാനും ദിവസം കഴിഞ്ഞ് സിസ്റ്റർ ടെസിക്ക് ഒരു കത്തുകിട്ടി. മരടുനിന്നും ഡോൺ എഴുതുന്നു. വിവരമറിഞ്ഞ് മറ്റു സിസ്റ്റേഴ്സും ഓടിവന്നു. അവർ വളരെ താൽപര്യത്തോടെ കത്ത് പൊട്ടിച്ചു. ആ വരികളിലേക്ക് ഇറങ്ങി.

'ജീവിതത്തിൽ എല്ലാം തകർന്നു എന്നു കരുതുമ്പോൾ കരുത്തും പ്രചോദനവുമാകുന്നത് ദുഃഖത്തിൽ എന്നോടൊപ്പം പങ്കുചേരുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവരുടെ നല്ല വാക്കുകളും സാമീപ്യവുമാണ്. സിസ്റ്റർ എനിക്കുവേണ്ടി പ്രാർത്ഥിക്കണേ. ദൈവം എന്നെ സ്നേഹിക്കുന്നു'. തന്റെ പ്രാർത്ഥനയിലൂന്നിയ വരികൾ എത്ര വലിയ സാന്ത്വനമെന്ന് സിസ്റ്റർ അന്ന് മനസിലാക്കി. നിരാശരും വ്യാകുല സമുദ്രത്തിൽ മുഴുകിയവരുമായ എത്രയോ പേർ ഓരോ ദിവസവും നമ്മുടെ ചുറ്റും ഇങ്ങനെ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. അവർക്ക് എത്രയോ ആശ്വാസകരമായിരിക്കും ഇത്തരം ഒരു കത്ത്. സിസ്റ്ററിന്റെ ഈ ആശയത്തോട് സുപ്പീരിയറും സമൂഹാംഗങ്ങളും ഏകമനസോടെയാണ് യോജിച്ചത്. അതൊരു തുടക്കമായിരുന്നു. പിന്നീട് ഇത്തരത്തിലുള്ള പത്രവാർത്തകൾ എവിടെ കണ്ടാലും സിസ്റ്റർ ടെസി ശ്രദ്ധിക്കും. അല്ലെങ്കിൽ മറ്റു സിസ്റ്റേഴ്സ്. അവരത് കട്ട് ചെയ്ത് ഫയൽ ചെയ്യും. പത്രത്തിലെ വീട്ടുപേരും പേരും സ്ഥലവും കണക്കാക്കി അവർക്ക് കത്തെഴുതും. അതിന്റെ പ്രതികരണങ്ങൾ എന്നും അത്ഭുതാവഹമായിരുന്നു.

'ഡോൺ പിന്നീടും കത്തെഴുതി, ഫോൺ ചെയ്തു. അങ്ങനെ തന്നെ ഞങ്ങൾ കത്തെഴുതിയ പലരും. അവർക്ക് എഴുതുക, ഫോണിൽ സാന്ത്വനം നൽകുക ഇത് ഞങ്ങളുടെയും മുഖ്യ പ്രവർത്തനമായി. 'ഞങ്ങളെ ഓർക്കാനും പ്രാർത്ഥിക്കാനും ആരെങ്കിലും ഉണ്ടല്ലോ. ആരുമില്ല ഇനി ജീവിക്കേണ്ട എന്ന് കരുതിയപ്പോഴാണ് നിങ്ങളുടെ ഈ കത്ത് കിട്ടിയത്.' ഒരു വീട്ടമ്മ സിസ്റ്ററോട് പറഞ്ഞത് അങ്ങനെയാണ്. അവർ പറഞ്ഞു: '18 വയസുള്ള മകനും ഭർത്താവും വഞ്ചി മുങ്ങി മരിച്ചു. വീടിന്റെ നെടുംതൂണുകൾ നഷ്ടപ്പെട്ടപ്പോൾ ഇനി ജീവിക്കുന്നതെന്തിനാണെന്നാണ് ഞാൻ ചിന്തിച്ചത്. മരിക്കാൻ വേണ്ടി ഒരുങ്ങിയ ദിവസമായിരുന്നു അപ്രതീക്ഷിതമായി സിസ്റ്ററിന്റെ സാന്ത്വനം പകരുന്ന ഒരു കത്തു കിട്ടിയത്. ആത്മഹത്യ എന്നുള്ള ചിന്ത മനസിൽ നിന്നും വേരോടെ പിഴുതു കളയുവാൻ ആ ഒരു കത്ത് പ്രേരണകാരണമായി. ജീവിതത്തിലെ പ്രതിസന്ധികളോട് പോരാടണമെന്നുള്ള ചിന്ത അന്നെനിക്കുണ്ടായി. ആരൊക്കെയോ കൂടെയുണ്ടെന്നും.' പിന്നീട് ആ സ്ത്രീ എല്ലാ വിലാപങ്ങളുടെ മതിലും തകർത്ത് ഉയർത്തെണീറ്റു. ഇന്നവർ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥയാണ്. നിരാശയിലേക്ക് താണുപോയ അനേകർക്ക് തന്റെ അനുഭവത്തിലൂടെ പ്രത്യാശ പകർന്നു കൊടുക്കാൻ ഈ സ്ത്രീക്കും കഴിഞ്ഞിരിക്കുന്നു.

വർഗീസിനുമുണ്ട് ഇതുപോലൊരു അനുഭവം. ഭാര്യയും ഭാര്യയുടെ മാതാപിതാക്കളും ആക്സിഡന്റിൽ മരണമടഞ്ഞപ്പോൾ വർഗീസ് എല്ലാവരക്കാളും നിരാശനായി. സിസ്റ്ററിന്റെ ഒരു സാന്ത്വനസന്ദേശം അവർക്ക് കിട്ടി. ഒപ്പം ഫോൺ നമ്പറും മുണ്ടായിരുന്നു. കത്തു കിട്ടിയ ദിവസം തന്നെ വർഗീസ് വിളിച്ചു. ഒന്നു കാണണമെന്ന് അവശതയോടെ സിസ്റ്ററോട് പറഞ്ഞു. സിസ്റ്റർ ടെസിയും രണ്ടു സിസ്റ്റേഴ്സും കൂടി അയാൾ കിടന്ന ആശുപത്രിയിൽ ചെന്ന്

വർഗീസിനെ കണ്ടു. അയാൾക്കുവേണ്ടി പ്രാർത്ഥിച്ചു. അത് വർഗീസിന്റെ ജീവിതത്തെ ആകെ മാറ്റിമറിക്കുന്ന അനുഭവമായിരുന്നു. ഏതാനും ആഴ്ചകൾക്കുശേഷം അയാൾ മകനെയും കൂട്ടി, സിസ്റ്റർ ടെസിയെ കാണാൻ വന്നു. ദുഃഖത്തിൽ നിന്നും വളരെ മോചിക്കപ്പെട്ടാണ് അന്നയാൾ മടങ്ങിയത്.

കത്തെഴുത്തിലൂടെ അനേകമനേകം പ്രതികരണങ്ങൾ സിസ്റ്റർ ടെസിക്ക് നേരിട്ടനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതെല്ലാം മനം തകർന്നവരുടെ പ്രത്യാശയുടെ സങ്കീർത്തനങ്ങളായിരുന്നു. ഒരിക്കൽ രണ്ടു മക്കളെയും നഷ്ടപ്പെട്ട വൃദ്ധ മാതാപിതാക്കൾ ഒരു സന്ധ്യാനേരത്ത് സിസ്റ്റർ ടെസിയെ തിരക്കി കമ്മശേരിയിലുള്ള 'ആശ്വാസ്' ഹോളി ഫാമിലി ഭവനത്തിലെത്തി. നിങ്ങളുടെ കത്ത് കിട്ടി. ഇനി ഞങ്ങൾക്ക് മറ്റാരുമില്ല, നിങ്ങളല്ലാതെ...' അവർ നിലവിളിച്ചു. അവരുടെ നൊമ്പരത്തിന്റെ ആഴം മനസിലാക്കുവാൻ സിസ്റ്റർ ടെസിക്ക് കഴിയുമായിരുന്നു. പലരും ഇതിനുമുമ്പും ഈ സിസ്റ്ററോട് ചോദിച്ചിട്ടുണ്ട്. 'ഞങ്ങൾക്കിനി ആരാ ഉള്ളത്?'

എല്ലാം നഷ്ടപ്പെട്ടവർക്കായി എന്തെങ്കിലും ചെയ്യണം, പിന്നീട് സിസ്റ്റർ ടെസിയുടെയും മറ്റു സിസ്റ്റേഴ്സിന്റെയും ശ്രദ്ധ അതെക്കുറിച്ചായി. പക്ഷേ എന്ത് ചെയ്യാൻ കഴിയും? കുടുംബപ്രേഷിത പ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്ന ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിലും ഈ ചിന്ത പടർന്നു. അപ്പോഴും സിസ്റ്റർ ടെസിയും സിസ്റ്റർ മരിയ പോളും മുടക്കംകൂടാതെ പത്രവാർത്തകളിലെ ദുരന്ത സംഭവങ്ങൾ വെട്ടി ഫയൽ ചെയ്യുകയും അവർക്ക് കത്തെഴുതുകയും ചെയ്തുകൊണ്ടിരുന്നു. ഈ സമയത്താണ് 'ആശ്വാസ്' എന്നൊരു പദം സിസ്റ്റർ ടെസിയുടെ നാവിലുദിച്ചത്. അതൊരു ദൈവികമായ അനുഭവമായിരുന്നുവെന്ന് സിസ്റ്റർ ടെസി ഓർക്കുന്നു; 'ദൈവം തെരഞ്ഞെടുത്തു തന്ന വാക്ക്'. ഞങ്ങൾ അതിനൊരു നിർവചനം കണ്ടെത്തി.

'God Touches your Hearts
God Heals your Wounds
God Carrier your Burdens
God Wipes your Tears'

('ഹൃദയങ്ങളെ സ്പർശിക്കുന്ന, മുറിവുകൾ സുഖപ്പെടുത്തുന്ന, ഭാരങ്ങൾ വഹിക്കുന്ന, കണ്ണീർ തുടയ്ക്കുന്ന ദൈവം'). ഈ അനുഭവമാണ് 'ആശ്വാസ്' നൽകുന്നത്.

'ഒരിക്കൽ ഞങ്ങൾ തൊടുപുഴയ്ക്കടുത്ത് ഒരു അപ്പച്ചനെയും അമ്മച്ചിയെയും കാണാൻ പോയി. അവരുടെ മക്കളും പേരക്കിടാങ്ങളും ഒരുമിച്ച് സഞ്ചരിച്ചിരുന്ന കാർ പാടത്തേക്ക് മറിഞ്ഞ് മക്കൾ മരിച്ചിരുന്നു. ഈ വീട്ടിലേക്ക് കത്തെഴുതിയശേഷമാണ് ഞങ്ങൾ പോയത്. ഞങ്ങളെ കണ്ടപാടെ ആ വൃദ്ധമാതാപിതാക്കൾ ഓടിവന്നു കെട്ടിപ്പിടിച്ചു. അവരുടെ മുഖത്തെ സന്തോഷവും ചൈതന്യവും ഞങ്ങൾക്ക് മറക്കാനാവുന്നില്ല. 'ആശ്വാസ്' ഒരു വലിയ ശുശ്രൂഷയാണെന്നും അനേകരുടെ മുറിവുകൾ ദൈവം ഞങ്ങളുടെ ചെറിയ ഈ ശുശ്രൂഷയിലൂടെ സൗഖ്യപ്പെടുത്തുന്നുണ്ടെന്നും അന്ന് ബോധ്യപ്പെട്ടു.'

ഇങ്ങനെ മനംതകർന്ന അനേകർക്ക് ആശ്വാസം ലഭിക്കുവാനായി ഒരു ഭവനം എത്രയും വേഗം ആരംഭിക്കാനുള്ള ശ്രമം ഞങ്ങൾ ഊർജിതമാക്കി; സിസ്റ്റർ ടെസി വ്യക്തമാക്കുന്നു. ഇതിനോടകം ജാതിമത ഭേദമെന്യേ അപകടമരണങ്ങൾ മൂലം ദുഃഖം അനുഭവിക്കുന്നവർക്കായി അയ്യായിരത്തിലേറെ വ്യക്തിപരമായ കത്തുകൾ സിസ്റ്റർ എഴുതി തയ്യാറാക്കി അയച്ചിട്ടുണ്ട്. 3200ഓളം കുടുംബങ്ങൾക്ക് ഈ കത്തുകൾ ആശ്വാസ സന്ദേശം പകർന്നിട്ടുമുണ്ടാകണം. കൂടാതെ ഫോൺ കൗൺസലിംഗ്, കുടുംബസന്ദർശനം, കൗൺസലിംഗ് എന്നിവയിലൂടെയും നിരാശ ബാധിച്ച അനേകരെ ദൈവസ്നേഹത്തിലേക്ക് ഇവർ നയിച്ചുകൊണ്ടിരിക്കുന്നു.

മാസത്തിലെ രണ്ടാം ശനിയാഴ്ചകളിൽ 'ആശ്വാസ് സുഹൃത് വേദി' ഇവർ വിളിച്ചു ചേർക്കാറുണ്ട്.

പത്തോ പതിനഞ്ചോ പേരടങ്ങുന്ന ഈ കൂട്ടായ്മയിലൂടെ ജീവിതത്തെ വിശാലമായി കാണാനുള്ള പരിശീലനമാണ്. അവർ പരസ്പരം മനസ് തുറന്ന് ജീവിതസാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിക്കാൻ ഇതുവഴി തയ്യാറെടുക്കുന്നു. ഇത്തരം ആശ്വാസദൂത് ലഭിച്ചവരുടെ ഒരു കുടുംബസമ്മേളനം വർഷത്തിലൊരിക്കൽ ചേരാറുണ്ട്. എല്ലാ മെയ് മാസത്തിലും വേർപാടിന്റെ ദുഃഖം അനുഭവിക്കുന്നവർക്കുവേണ്ടി 'ആശ്വാസ് ദൈവാനുഭവധ്യാനവും' ഞങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മനംതകർന്നവരെ പ്രത്യാശയിലേക്ക് നയിക്കാൻ പര്യാപ്തമായ 'ആശ്വാസ് മാസിക, ആശ്വാസ് ഹെൽപ്പ്ലൈൻ, ആശ്വാസ് ശുശ്രൂഷാവേദി എന്നിവയും വിവിധ ശുശ്രൂഷകളിലൂടെ അനേകർക്ക് സാന്ത്വനം പകരുന്നു.

സിസ്റ്റർ ടെസി കൊടിയിലിന്റെ പ്രവർത്തനങ്ങൾക്ക് സുപ്പീരിയർ സിസ്റ്റർ മരിയ പോളിന്റെ നേതൃത്വത്തിലുള്ള ടീം എല്ലാവിധ സഹകരണങ്ങളും നൽകുന്നു. സിസ്റ്റർ ജന്നി ജോസഫ്, സിസ്റ്റർ ഷീല ഡേവിസ് എന്നിവരാണ് മറ്റു ശുശ്രൂഷകർ. ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിന്റെ ഇരിഞ്ഞാലക്കുട, തൃശ്ശൂർ, പാലക്കാട് പ്രവിശ്യകളിലും ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതായി സിസ്റ്റർ ടെസി ചൂണ്ടിക്കാട്ടുന്നു. ഇനിയുമിവർക്ക് ഒരുപാട് സ്വപ്നങ്ങളുണ്ട്. പ്രിയപ്പെട്ടവരുടെ വേർപാടിൽ തകരുന്നവർക്കായി ആശ്വാസ് പീസ് കോട്ടേജ്, അനാഥകുട്ടികൾക്കായി ആശ്വാസ് ചിൽഡ്രൻസ് ഹോം, ഭർത്താവും മക്കളും മരിച്ചവർക്കുവേണ്ടി 'ആശ്വാസ് വിഡോ വിംഗ്' ഇവയെല്ലാം ഒരുമിച്ചുചേരുന്ന 'ഒരു സ്നേഹതീരം...' സിസ്റ്റർ ടെസി പുഞ്ചിരിക്കുന്നു. 'എല്ലാം ദൈവം ഞങ്ങൾക്ക് നൽകിയ ചിന്തയാണ്. ഒരു കത്തെഴുത്തിൽ നിന്ന് ദൈവം തുടക്കമിട്ടതല്ലേ ഇതെല്ലാം. അപ്പോൾ അവിടുന്നുതന്നെ ഇതു സാക്ഷാത്കരിക്കട്ടെ.'

വിലാസം: സിസ്റ്റർ ടെസി കൊടിയിൽ, 'ആശ്വാസ്, ഹോളി ഫാമിലി ഭവൻ, ചങ്ങമ്പുഴനഗർ പി.ഒ, സൗത്ത് കളമശേരി, കൊച്ചിൻ-33. ഫോൺ: 0484-2555949

കടപ്പാട്: in.sundayshalom.com